V

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.15786/23/വിജി.

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
14/11/2023

എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
തിരുവിതാംകൂർ ദേവസ്വം ബോർഡ്

**വിഷയം:** ദേവസ്വങ്ങളിൽ കാഷ്വൽ ലീവ് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തത് സംബന്ധിച്ച്.

**സൂചന:** - ദേവസ്വം ബോർഡാഫീസിലെ 15/07/2023-ലെ ആർ.ഒ.സി 7233/23/വിജി നമ്പർ കത്ത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുളള വിവിധ ക്ഷേത്രങ്ങളിലെ ദേവസ്വം വിജിലൻസ് വിഭാഗം മിന്നൽ പരിശോധന നടത്തുന്ന അവസരങ്ങളിൽ അനഭലഷണീയമായ ഒരു കീഴ്വഴക്കം ശ്രദ്ധയിൽപ്പെട്ടിട്ടുളള താണ്. ക്ഷേത്ര ജീവനക്കാർ കാഷ്വൽ ലീവിന് അപേക്ഷ വയ്ക്കുന്നതായും എന്നാൽ അത് സബ്ഗ്രൂപ്പ് ആഫീസർമാർ സാങ്ഷൻ ചെയ്ത് കാണുന്നില്ല. പരിശോധന വേളയിൽ കാഷ്വൽ ലീവ് അപേക്ഷ ശ്രദ്ധയിൽ കൊണ്ട് വന്ന് ജീവനക്കാരൻ കാഷ്വൽ ലീവിലാണെന്നും അറിയിക്കുകയും എന്നാൽ വിജിലൻസ് പരിശോധന നടക്കുന്നില്ലായെങ്കിൽ പ്രസ്തുത ലീവ് അപേക്ഷ മാറ്റി ആ ദിവസം ഹാജർ രേഖപ്പെടുത്തുന്നതിന് പതിവ് വ്യാപകമായി നടന്നു വരുന്നതാണ്. ആകയാൽ കാഷ്വൽ ലീവ് നൽകുന്ന ജീവനക്കാരന്റെ ലീവ് സാങ്ഷൻ ചെയ്ത് ഹാജർ ബുക്കിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർദേശം നൽകേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന സബ്ഗ്രൂപ്പ് ആഫീസർമാർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാർ എന്നിവർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുമെന്നും അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ദേവസ്വം കമ്മീഷണർ

പകർപ്പ്

1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആ മുഖകത്ത് സഹിതം)
2) ഐ.ടി. സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
3) ഫെയർ ഓഫീസ് കോപ്പി